പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1050.

08.01.2014-ലെ മറുപടിയ്ക്ക്

## ഉൾനാടൻ ജലഗതാഗത ടൂറിസം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കായലുകളെയും അനുബന്ധ കനാലുകളെയും നദികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ കൂടുതൽ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) കായലുകളേയും അനുബന്ധ കനാലുകളേയും നദികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ കൂടുതൽ വികസിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര ധനസഹായത്തോടുകുടി നടപ്പിലാക്കുന്ന ആലപ്പുഴ മെഗാ ബാക്ക് വാട്ടർ സർക്യൂട്ട് പ്രധാനമായും കായലുകൾ കേന്ദ്രീകരിച്ചുള്ള വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ താഴെപ്പറയുന്ന ഏതാനും പദ്ധതികൾ കായലുകളേയും അനുബന്ധ കനാലുകളേയും നദികളേയും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ്.<br>1. മൂവാറ്റുപുഴ റിവർ വാട്ടർ ഫ്രണ്ട് ഡെവലപ്മെന്റ് & പിൽഗ്രിം സെന്റർ പ്രോജക്ട്.<br>2. എറണാകുളത്തെ ബോട്ട് ക്രൂയിസ് ടെർമിനൽ - 2013.<br>3. ചങ്ങനാശ്ശേരി - ചെത്തിപ്പുഴ കടവ് ബ്യൂട്ടിഫിക്കേഷൻ.<br>4. ഡെവലപ്മെന്റ് ഓഫ് കോഡൂർ റിവർ സൈഡ് വാക്ക്‌വേ, കോട്ടയം.<br>5. ഡെവലപ്മെന്റ് ഓഫ് മിനി പമ്പ റിവർവ്യൂ, മലപ്പുറം ജില്ല.<br>6. കൊല്ലം, കണ്ണേറ്റി കായൽ |

തീരത്തെ ടൂറിസ്റ്റ് അമിനിറ്റി സെന്റർ, വാക്ക് വേ പവലിയൻ, ബോട്ട് ജെട്ടി എന്നിവയുടെ നിർമ്മാണം.

7. എറണാകുളത്തെ താന്തോന്നി തുരുത്ത് ബോട്ട് ജെട്ടി നിർമ്മാണം.

| | |
|---|---|
| (ബി) തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ഉൾനാടൻ ജലഗതാഗത സൗകര്യം വികസിപ്പിച്ചും സൗന്ദര്യ വത്ക്കരിച്ചും വിനോദസഞ്ചാര മേഖലയ്ക്ക് ഉപയോഗപ്പെ ടുത്താനുള്ള സമഗ്ര പദ്ധതിയെ ക്കുറിച്ച് ആലോചിക്കുമോ; | (ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ ഇരുവശങ്ങളിലുമുള്ള സംസ്ഥാനജലപാതകളായ കോവളം-കോട്ടപ്പുറം, കോട്ടപ്പുറം-നീലേശ്വരം എന്നിവയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമിട്ട് സംസ്ഥാന ഫണ്ട്, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരി ക്കുകയാണ്. ഉൾനാടൻ ജലഗതാഗതം കൂടുതൽ ടൂറിസ്റ്റുകൾക്ക് അനുഭവ വേദ്യമാക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ഏതാനും ഭാഗങ്ങൾ സൗന്ദര്യവത്ക്കരിക്കുന്നതിനുമുള്ള പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാ ക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്തെത്തുന്ന വിദേശ വിനോദ സഞ്ചാരികളിൽ എത്ര ശതമാനം ഉൾനാടൻ ജലഗതാ ഗതവുമായി ബന്ധപ്പെട്ട മേഖലകൾ സന്ദർശിക്കുന്നുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) കണക്കുകൾ പ്രകാരം സംസ്ഥാന ത്തെത്തുന്ന വിദേശ വിനോദ സഞ്ചാരികളിൽ പത്ത് ശതമാന ത്തോളം ആളുകൾ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട പ്രധാന മേഖലയായ ആലപ്പുഴ സന്ദർശിക്കുന്നതായി കാണുന്നു. |

സെക്ഷൻ ഓഫീസർ